# WACE ഭാഷാ അപേക്ഷയ്ക്കായി വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

WACE ഭാഷാ കോർഴ്സിനായി പേര് നൽകാനായി അപേക്ഷിക്കും മുൻപ് ഈ ചെക്ക് ലിസ്റ്റ് ഉപയോഗിച്ച് തയ്യാറെടുക്കുക  നിങ്ങൾക്ക് എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ മാതാപിതാക്കളോടോ, രക്ഷിതാക്കളോടോ, നിങ്ങളുടെ ഭാഷാ അധ്യാപകരോടോ, സ്കൂൾ അധികൃതരോടോ ചോദിക്കുക. കൂടാതെ,  languagesenrolment@scsa.wa.edu.au എന്ന ഇമെയിൽ വിലാസത്തിൽ സ്കൂൾ കരിക്കുലം ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റിക്ക് ഇമെയിൽ അയയ്ച്ച് ചോദിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് വിദ്യാർത്ഥികൾക്കായുള്ള ലഘുലേഖ WACE Language ആപ്ലിക്കേഷന്സിന്റെ വെബ്സൈറ്റിൽ ലഭ്യമാണ് (https://www.scsa.wa.edu.au/sirs-and-srms-info/srms-information/wace-language-applications).

## 1 സ്റ്റുഡന്റ് പോർട്ടലിൽ ലോഗിൻ ചെയ്യുക

സ്റ്റുഡന്റ് പോർട്ടലിൽ (https://studentportal.scsa.wa.edu.au) ലോഗ് ഇൻ ചെയ്യുന്നതിനായി WA സ്റ്റുഡന്റ് നമ്പർ ആവശ്യമാണ്. ഇത് സ്കൂൾ റിപ്പോർട്ടുകളിൽ നിന്ന് ലഭിക്കും. ഇത് നിങ്ങളുടെ സ്മാർട്ട് റൈഡറിലും ഉണ്ടാവും.  കൂടാതെ, നിങ്ങൾക്ക് സ്വന്തമായി ഒരു ഇമെയിൽ വിലാസവും ആവശ്യമാണ്. ഭാഷാ അപേക്ഷ പൂർത്തിയാക്കുമ്പോൾ ഈ ഇമെയിൽ പരിശോധിക്കേണ്ടതാണ്. സ്വന്തമായി ഇമെയിൽ വിലാസം ഉള്ള പക്ഷം സ്കൂൾ പഠനം അവസാനിച്ച ശേഷവും സ്കൂൾ ഇമെയിലിന്റെ കാലാവധി അവസാനിച്ച ശേഷവും നിങ്ങൾക്ക് ഇമെയിൽ സന്ദേശങ്ങൾ ലഭ്യമാകും.

## 2 പഠന വിവരങ്ങൾ

നിങ്ങൾ താഴെ പറയുന്ന പഠന വിവരങ്ങൾ നൽകേണ്ടതാണ്:

- ❑ പ്രീ-പ്രൈമറി മുതൽ നിങ്ങൾ പഠിച്ചിട്ടുള്ള സ്കൂളുകളുടെ വിവരങ്ങൾ:
  - സ്കൂളിന്റെ പേര്
  - സ്കൂളിൽ പഠിപ്പിക്കാനായി ഉപയോഗിച്ചിരുന്ന പ്രധാന ഭാഷ
  - ഏതെങ്കിലും ഭാഷ/ഭാഷകൾ പഠിച്ചിട്ടുണ്ടെങ്കിൽ അവ
  - ഓരോ ആഴ്ചയിലും ഭാഷാ പഠനത്തിനായി ചിലവാക്കിയ സമയം
- ❑ ഓസ്ട്രേലിയയ്ക്ക് പുറത്ത് ഏതെങ്കിലും സ്കൂളുകളിൽ പഠിച്ചിട്ടുണ്ടെങ്കിൽ അവയുടെ റിപ്പോർട്ടുകൾ

## 3 താമസസ്ഥലത്തിൻറെ വിവരങ്ങൾ

നിങ്ങളുടെ താമസസ്ഥലത്തെക്കുറിച്ച് ഈ വിവരങ്ങൾ നൽകുക :

- ❑ നിങ്ങൾ താമസിച്ചിട്ടുള്ള രാജ്യങ്ങൾ

- ❑ നിങ്ങൾ സന്ദർശിച്ചതും, യാത്രചെയ്തതും, അവധിയാഘോഷിക്കാനായി പോയതുമായ രാജ്യങ്ങള സന്ദർശനത്തിന്റെ കാരണങ്ങളും, ചിലവഴിച്ച സമയവും . നിങ്ങൾ അപേക്ഷിക്കുന്ന ഭാഷാ സംസാരിക്കുന്ന രാജ്യങ്ങൾ മാത്രമാണ് ഇതിൽ ഉൾപ്പെടുന്നത്

## 4 നിങ്ങളുടെ ഭാഷാ പശ്ചാത്തലം

നിങ്ങളുടെ ഭാഷയെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ:

- ❑ നിങ്ങൾ ആദ്യമായി സംസാരിക്കാൻ പഠിച്ച ഭാഷ
- ❑ സംസാരിക്കുവാനും, എഴുതുവാനും, വായിക്കുവാനും അറിയാവുന്ന മറ്റ് ഭാഷ/ഭാഷകൾ
- ❑ മാതാപിതാക്കളോടും രക്ഷിതാക്കളോടും സുഹൃത്തുക്കളോടും സഹോദരങ്ങളോടും നിങ്ങൾ സംസാരിക്കുന്ന ഭാഷ/ഭാഷകൾ
- ❑ നിങ്ങളുടെ മാതാപിതാക്കളും രക്ഷിതാക്കളും സംസാരിക്കുന്ന ഭാഷ/ഭാഷകൾ

## 5 പിന്തുണയ്ക്കുന്ന രേഖകൾ

താഴെ പറയുന്ന രേഖകൾ സ്കാൻ ചെയ്തോ, ഫോട്ടോ ആയോ അപേക്ഷക്കൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്:

- ❑ മാതാപിതാക്കളോ/രക്ഷിതാക്കളോ സമ്മതം നൽകുന്ന ഫോം - നിർബന്ധം
- ❑ ഓസ്ട്രേലിയയ്ക്ക് പുറത്ത് ജനിക്കുകയോ ജീവിക്കുകയോ ചെയ്തിട്ടുണ്ടെകിൽ നിങ്ങളുടെ തിരിച്ചറിയൽ വിവരങ്ങൾ അടങ്ങിയ പാസ്സ്പോർട്ടിന്റെ പേജ്
- ❑ ഓസ്ട്രേലിയയ്ക്ക് പുറത്ത് ഏതെങ്കിലും സ്കൂളുകളിൽ പഠിച്ചിട്ടുണ്ടെങ്കിൽ അവയുടെ റിപ്പോർട്ടുകൾ
- ❑ നിങ്ങൾ അപേക്ഷിക്കുന്ന ഭാഷ സംസാരിക്കുന്ന രാജ്യങ്ങളിലേക്കോ സ്ഥലങ്ങളിലേക്കോ സ്ഥിരമായി യാത്ര ചെയ്യുകയോ താമസയ്ക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അവയുടെ റെക്കോർഡുകൾ (അധികൃതർ ആവശ്യപ്പെട്ടാൽ)

**പിന്തുണയ്ക്കുന്ന രേഖകൾ നിങ്ങളുടെ കമ്പ്യൂട്ടറിലോ മറ്റു ഉപകാരണങ്ങളിലോ .pdf, .jpg, .jpeg or .png ഫൈലുകളായി സേവ് ചെയ്യുക. ഓരോ ഫയലിന്റെയും വലിപ്പം പരമാവധി 4MB ആയിരിക്കണം.** Word ഡോക്യൂമെൻറ്റുകൾ സ്വീകരിക്കുന്നതല്ല. കൂടാതെ, ഫയലുകൾക്ക് പേര് ഇടുമ്പോൾ space, < > ? ! / \ " ∗ : , # % $ ( ) { } + = @ തുടങ്ങിയ അടയാളങ്ങൾ ഉപയോഗിക്കാതിരിക്കുക.